**KERALA POLICE INFORMATION CENTRE**
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.23/PR/PIC/PHQ/17 Date : 06.02.2017

## ക്രമസമാധാനം തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ പോലീസ് ജാഗ്രത പുലർത്തണം- മുഖ്യമന്ത്രി പിണറായി വിജയൻ

സംസ്ഥാനത്തെ ക്രമസമാധാനം തകർക്കാനും സംഘർഷമുണ്ടാക്കാനുമുള്ള ശ്രമങ്ങൾ മനസിലാക്കുന്നതിന് പോലീസ് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. പോലീസ് ആസ്ഥാനത്ത് സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിലാണ് മുഖ്യമന്ത്രി ഈ നിർദ്ദേശം നൽകിയത്. അണിയറയ്ക്കുള്ളിൽ നടക്കുന്നത് എന്തെന്ന് മനസ്സിലാക്കാൻ പോലീസിന് കഴിഞ്ഞാലെ അത്തരം പ്രവർത്തനങ്ങൾ തടയാൻ കഴിയൂ. ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിൽ വലിയ പുരോഗതി സൃഷ്ടിക്കാൻ പോലീസിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ക്രമസമാധാനം തകർന്നുകാണാൻ താല്പര്യമുള്ള കക്ഷികൾ പ്രവർത്തിക്കുന്നുണ്ട്. വർഗീയസംഘർഷമാണ് അതിനായി സ്വീകരിക്കുന്ന മാർഗം. വർഗീയ നീക്കങ്ങൾക്കെതിരെ വിട്ടുവീഴ്ച്ച പാടില്ല.

കാപ്പ, യു.എ.പി.എ. തുടങ്ങിയ നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. കാപ്പയും യു.എ.പി.എ.യും പോലുള്ള നിയമങ്ങൾ ചുമത്തുമ്പോൾ നല്ലതുപോലെ ജാഗ്രത പാലിക്കണം. പ്രതിപക്ഷത്തിരിക്കുന്നവർക്കെതിരെ കാപ്പ ചുമത്തുന്ന സമീപനം കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. അത്തരമൊരു വികലമായ സമീപനം ഇനി പാടില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ഉപയോഗിക്കാവുന്ന നിയമമാണ് യു.എ.പി.എ. എന്നാൽ അങ്ങനെയല്ലാത്ത കേസുകളിലും യു.എ.പി.എ. ചുമത്തിയ സാഹചര്യമുണ്ടായിട്ടുണ്ട്. ഇതൊഴിവാക്കണം.

കുറ്റകൃത്യങ്ങൾ ആര് നടത്തിയാലും പോലീസ് നിഷ്പക്ഷമായി നടപടിയെടുക്കണം. ഇക്കാര്യത്തിൽ രാഷ്ട്രീയമോ മറ്റ് പരിഗണനകളോ നോക്കരുത്. രാഷ്ട്രീയക്കാരുമായി ബന്ധപ്പെടുമ്പോൾ പോലീസ് ഇടപെടുന്നത്

നിഷ്പക്ഷമായിരിക്കണം. രാഷ്ട്രീയ സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ പോലീസ് തങ്ങളുടെ ചുമതല നിയമത്തിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കണം.

ലോക്കപ്പ് മർദ്ദനം കർശനമായി ഒഴിവാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ലോക്കപ്പ് മർദ്ദനങ്ങൾ പാടില്ല എന്നതാണ് സർക്കാരിന്റെ നയം. എന്നാൽ അതിന് വിരുദ്ധമായ നടപടികൾ ഇപ്പോഴും ഉള്ളതായ റിപ്പോർട്ടുകൾ കാണുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കും.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ അതിശക്തമായി ഇടപെടണം. സ്ത്രീസുരക്ഷയ്ക്ക് അങ്ങേയറ്റം പ്രാധാന്യം നല്കണമെന്നതാണ് സർക്കാർ നയം. ഇതിനായുള്ള നടപടികൾ കൂടുതൽ ഫലപ്രദമാക്കണം. സൈബർ കുറ്റകൃത്യങ്ങളും നമ്മുടെ നാട്ടിൽ വർധിക്കുകയാണ്. ഇത് തടയാൻ നല്ലതുപോലെ ശ്രമമുണ്ടാകണം.

പോലീസ് ഫലപ്രദമായി ഇടപെട്ടാൽ റോഡപകടനിരക്ക് ഇനിയും കുറയ്ക്കാൻ കഴിയും. ഇക്കാര്യത്തിൽ പ്രത്യേകപരിഗണന നല്കി നടപടി സ്വീകരിക്കണം.

പോലീസ് ഏതെങ്കിലുമൊരു വിഭാഗത്തിന് അനുകൂലമാണെന്നോ എതിരാണെന്നോ ഉള്ള ധാരണ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭൂരിപക്ഷ വിഭാഗങ്ങളും ന്യൂനപക്ഷവിഭാഗങ്ങളുമൊക്കെ നമ്മുടെ നാട്ടിലുണ്ട്. രാജ്യത്തെ ഇന്നത്തെ സാഹചര്യത്തിൽ പോലീസിനെക്കുറിച്ച് അവരിൽ പലതരം ആശങ്കകളും ഉണ്ടാകാം. അത്തരം ആശങ്കകൾ പോലീസിന്റെ നടപടികളിലൂടെ ഇല്ലാതാക്കാൻ കഴിയണം.

വിവിധ ജില്ലകളിലെ പോലീസ് പ്രവർത്തനങ്ങൾ മുഖ്യമന്ത്രി വിലയിരുത്തി. ജില്ലയിലെ പോലീസിനെയാകെ പ്രവർത്തനക്ഷമമാക്കുന്നതിന് എസ്.പി.മാർ മുഖ്യപങ്കുവഹിക്കേണ്ടതുണ്ട്. എസ്.പി.മാർ സ്റ്റേഷനുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട ഇൻസ്പെക്ഷൻ ചില ജില്ലകളിൽ കൃത്യമായി നടക്കുന്നില്ലെന്നും ഇത് കൂടുതൽ കാര്യക്ഷമമാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, സോണൽ എ.ഡി.ജി.പി.മാർ, റേഞ്ച് ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

************

**<u>ഫോട്ടോ ക്യാപ്ഷൻ</u>**

1. സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി മുഖ്യമന്ത്രി പിണറായി വിജയൻ പോലീസ് ആസ്ഥാനത്ത് വീഡിയോ കോൺഫറൻസിങ് നടത്തുന്നു. ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സമീപം.